# കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - എം.സി.സി.ഡി - ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാരുടെ നിയമനവ്യവസ്ഥ 'അഡീഷൻ ടു ദി കേഡർ' എന്ന രീതിയിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധ)നം.411 /15/പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 19/09/2015.

പരാമർശം:- 1. 09-01-2009 ലെ ജി.ഒ.(ആർ.റ്റി) നം.08/09/Plg നം.സർക്കാർ ഉത്തരവ്.
2. 11-08-2011 ലെ ജി.ഒ.(ആർ.റ്റി) നം.249/11/Plg നം.സർക്കാർ ഉത്തരവ്.
3. 28-08-2009 ലെ ജി.ഒ.(ആർ.റ്റി) നം.322/09/Plg നം.സർക്കാർ ഉത്തരവ്.
4. 04-12-2009 ലെ ജി.ഒ.(ആർ.റ്റി) നം.448/09/Plg നം.സർക്കാർ ഉത്തരവ്.
5. 26-2-2009 ലെ ജി.ഒ.(ആർ.റ്റി) നം.09/09/Plg നം.സർക്കാർ ഉത്തരവ്.
6. സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 11.9.2014 ലെ എം.സി.സി.ഡി-22684/2014/ഡിഇഎസ് നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് മുഖേന നടത്തിവരുന്ന എം.സി.സി.ഡി പദ്ധതി നടപ്പിലാക്കുന്നതിനായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ തസ്തികയിൽ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരെയും, മെഡിക്കൽ റെക്കോഡ്സ് ലൈബ്രേറിയന്മാരെയും പരാമർശം (1), (2), (3), (4), എന്നീ ഉത്തരവുകൾ പ്രകാരം നിയമിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരം നിലവിൽ വന്ന കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2009 ൽ കാറ്റഗറി 1 ലുള്ള ഡെപ്യൂട്ടി ഹെൽത്ത് ഓഫീസറുടെ നിലവിലുള്ള നിയമനരീതി അഡീഷൻ ടു. ദി കേഡർ ഓഫ് സീനിയർ സാനിറ്ററി ഇൻസ്പെക്ടർ ഇൻ ദി ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് സർവ്വീസ് എന്നും, ആയതിന്റെ നിയമനാധികാരി ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് എന്നും വ്യവസ്ഥ ചെയ്തു കൊണ്ട് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് വന്നതിനുശേഷം ഇപ്പോൾ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാരായി തുടരുന്നവരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അഡീഷൻ ടു ദി കേഡർ എന്ന രീതിയിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ സ്പെഷ്യൽ റൂൾസിന് അനുസൃതമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ തസ്തികയ്ക്ക് 'അഡീഷൻ ടു ദി കേഡർ' എന്ന രീതിയിലേയ്ക്ക് മാറ്റി ഉത്തരവാക്കണമെന്ന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (6) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ലെ സ്പെഷ്യൽ റൂളിന് അനുസൃതമായി സർക്കാരിനു സാമ്പത്തിക ബാധ്യത ഉണ്ടാകില്ല എന്ന വ്യവസ്ഥയോടു കൂടി ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് എന്നീ 5 ജില്ലകളിൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാരായി തുടരുന്നവരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ 'അഡീഷൻ ടു ദി കേഡർ' എന്ന് മാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി. വത്സല**
**അഡീഷണൽ സെക്രട്ടറി**

To

1. ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.
2. ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ്, തിരുവനന്തപുരം.
3. സെക്രട്ടറി, കോർപ്പറേഷൻ, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/കൊച്ചി/കോഴിക്കോട്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
5. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
6. രജിസ്ട്രാർ. കേരള ഹൈക്കോടതി, എറണാകുളം
7. ആരോഗ്യവും, കുടുംബക്ഷേമവും വകുപ്പ്.
8. ആസൂത്രണസാമ്പത്തികകാര്യ (സിപിഎംയു) വകുപ്പ്.
9. ഉദ്യോഗസ്ഥഭരണപരിഷ്കാര (ഉപദേശ-എ) വകുപ്പ്. (15.10.14 ലെ 21120/A3/14/P&ARD നം.കുറിപ്പ് പ്രകാരം).
10. ധനകാര്യ (വ്യയം-എ) വകുപ്പ് (03.08.15 ലെ 43042/E-36663/വ്യയം A3/15/ധന നം.കുറിപ്പ് പ്രകാരം).
11. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
12. തീർപ്പ് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**